DESPATCHED
17/3/23



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 2129(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 14669/SIC-G4/2022)
(ഉത്തരവുകൾ sic.kerala.gov.in - ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2023 മാർച്ച് 9

ശ്രീ. താഴത്തെപുരയിൽ കുമാരൻ,
പുക്കരത്തറ,
കോലൊളമ്പ് പി.ഒ.,
എടപ്പാൾ, മലപ്പുറം - 679 576. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട് (എം) സെക്ഷൻ,
കളക്ടറേറ്റ്, മലപ്പുറം.

2) അപ്പീൽ അധികാരി &
ഡെപ്യൂട്ടി കളക്ടർ (ഭൂപരിഷ്ക്കരണം),
കളക്ടറേറ്റ്, മലപ്പുറം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 28/04/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 21/05/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 01/06/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 14/06/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 19/09/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 24/09/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/10/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/11/2022 |

## ഉത്തരവ്

ശ്രീ. താഴത്തെ പുരയിൽ കുമാരൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൻമേൽ ആവശ്യപ്പെട്ട വിവരം യഥാസമയം ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടും ഇതുവരെയായി യാതൊരുവിധ നടപടിയും ഉണ്ടാകാത്തതിനാലാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുന്നതെന്നാണ്.

2. ഹർജിക്കാരൻ 28.04.2022 ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത്, എസ്.എം.402/87 നമ്പർ പട്ടയത്തിന്റെയും വിധിപകർപ്പാണ്. മേൽപ്പടി അപേക്ഷയ്ക്ക് 21.5.2022 തീയതി എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ടിട്ടുള്ള എസ്.എം.402/87 നമ്പർ പട്ടയ ഫയൽ ടി കാര്യാലയത്തിലെ റിക്കാർഡ് റൂമിൽ തെരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താൻ കഴിയാത്തതിനാൽ പകർപ്പ് അനുവദിക്കാൻ നിർവ്വാഹമില്ല എന്നും ദേവസ്വത്തിന്റെ പേരു കൂടി വ്യക്തമാക്കി അപേക്ഷ സമർപ്പിക്കുന്നപക്ഷം തുടർ പരിശോധന നടത്തുന്നതാണെന്നുമാണ്. തുടർന്ന് ഹർജിക്കാരൻ 01.06.2022 തീയതി ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ രണ്ടാം എതിർകക്ഷി തീർപ്പാക്കി 14.6.2022 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ടി കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ചമ്പ്രമാണം ദേവസ്വത്തിലെ എസ്.എം.402/1987 നമ്പർ പട്ടയത്തിന്റെ പകർപ്പും, വിധിപകർപ്പും അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും അപ്പീൽ ഹർജിയുടെ അടിസ്ഥാനത്തിൽ, ചമ്പ്രമാണം ദേവസ്വത്തിലെ എസ്.എം.402/1987 നമ്പർ പട്ടയഫയൽ റിക്കാർഡ് സെക്ഷനിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും, പ്രസ്തുത ഫയൽ ലഭ്യമാകുന്നപക്ഷം ഹർജിക്കാരൻ ആവശ്യപ്പെട്ട പകർപ്പുകൾ വിവരാവകാശ നിയമം അനുശാസിക്കുംപ്രകാരം അനുവദിക്കേണ്ടതുമാണെന്നും മേൽനടപടികൾ പൂർത്തിയാക്കി ഹർജിക്കാരന് 21 ദിവസത്തിനകം മറുപടി നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ 31.10.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ഡെപ്യൂട്ടി കളക്ടർ (ദേവസ്വം) ലാന്റ് ട്രിബ്യൂണലിലെ എസ്.എം.402/87 കേസിലെ 12.10.1989-ലെ ഉത്തരവിന്റെയും പട്ടയത്തിന്റെയും പകർപ്പുകളും മേൽ പട്ടയ കേസിന്റെ അപ്പീൽ അധികാരി ആരാണെന്നും, എവിടെയാണ് പ്രവർത്തിക്കുന്നതെന്നും, അതിന്റെ മേൽവിലാസം എന്നീ വിവരങ്ങളുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. പ്രസ്തുത രേഖകൾ ശേഖരിക്കുന്നതിനായി എസ്.എം.402/87 നമ്പർ ഫയൽ കളക്ടറേറ്റിലെ റിക്കാർഡിൽ നിന്നും ലഭ്യമാക്കുന്നതിനായി റിക്കാർഡിലേക്ക് 30.4.2022 തീയതി കുറിപ്പ് നൽകിയെങ്കിലും റിക്കാർഡ് സെക്ഷനിലെ പട്ടയ ഫയലുകൾ ദേവസ്വം അടിസ്ഥാനമാക്കിയാണ് ക്രമീകരിച്ച് സൂക്ഷിച്ചിട്ടുള്ളതെന്നും ഏത് ദേവസ്വവുമായി ബന്ധപ്പെട്ട കേസാണെന്ന് പരാമർശിച്ചിട്ടില്ലാത്തതിനാൽ ഫയൽ തെരഞ്ഞ് കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും, ദേവസ്വം ഏതെന്ന് അറിയിക്കുന്ന മുറയ്ക്ക് തുടർപരിശോധന നടത്താമെന്നും

റിക്കാർഡ് അറ്റന്റർ അറിയിക്കുകയുണ്ടായി എന്നും എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ ആക്ഷേപമുന്നയിച്ച് സമർപ്പിച്ച ഒന്നാം അപ്പീൽ ഹർജിയിൽ ഒന്നാം അപ്പീൽ അധികാരി എസ്.പി.ഐ.ഒ.യിൽ നിന്നും റിപ്പോർട്ട് തേടുകയും ആയതുപ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി എന്നും പ്രസ്തുത അപ്പീൽ അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്തുത ഭൂമി ചന്ദ്രമാണം ദേവസ്വവുമായി ബന്ധപ്പെട്ടതാണെന്ന് കാണിച്ചിട്ടുള്ളതിനാൽ ആ വിവരത്തിന്റെ അടിസ്ഥാനത്തിൽ ചന്ദ്രമാണം ദേവസ്വവുമായി ബന്ധപ്പെട്ട എസ്.എം.402/87 പട്ടയ ഫയൽ തെരഞ്ഞു കണ്ടെത്തി ലഭ്യമാക്കുന്നതിനായി റിക്കാർഡ് അറ്റന്റർക്ക് 6.6.2022 തീയതി കുറിപ്പ് നൽകുകയുണ്ടായി എന്നും അപ്പീൽ അധികാരിയുടെ ഉത്തരവുപ്രകാരം പ്രസ്തുത ഫയൽ റിക്കാർഡിൽ തെരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താൻ സാധിച്ചിട്ടില്ലെന്ന് 21.6.2022-ന് റിക്കാർഡ് അറ്റന്റർ അറിയിച്ച പ്രകാരം ഹർജിക്കാരന് ടി ഓഫീസിൽ നിന്നും 29.6.2022-ന് മറുപടി നൽകുകയും ടി മറുപടിയിൽ തൃപ്തിയില്ലാതെയാണ് പരാതിക്കാരൻ കമ്മീഷനിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റെയും എതിർകക്ഷികൾ നൽകിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ബോധ്യമാകുന്നത് കമ്മീഷന്റെ 24.12.2022-ലെ നിർദ്ദേശ പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ പുന:സൃഷ്ടിച്ച് നൽകുന്നതിന് അടിസ്ഥാനമാകേണ്ട, മേൽ പട്ടയവുമായി ബന്ധപ്പെട്ട യാതൊരു രേഖയും ലാന്റ് ട്രിബ്യൂണലിൽ ലഭ്യമല്ലാത്തതിനാലും അർദ്ധ ജുഡീഷ്യൽ നടപടിക്രമങ്ങളിലൂടെ ഭൂവുമടയേയും കൈവശ കുടിയാനെയും ടി ഭൂമിയിലെ തർക്കകക്ഷിളെയും നേരിട്ട് കേട്ട് മൊഴി രേഖപ്പെടുത്തി ബന്ധപ്പെട്ട വില്ലേജ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പൊതു നോട്ടീസ് പരസ്യപ്പെടുത്തിയും ഹാജരാക്കിയ രേഖകൾ പരിശോധിച്ചും 1.4.1964-ന് ടി ഭൂമിയിൽ കുടിയായ്മ ഉണ്ടായിരുന്നോ എന്ന് പരിശോധിച്ചുമാണ് ലാന്റ് ട്രിബ്യൂണലിൽ പട്ടയം അനുവദിക്കുന്നത് എന്നതിനാൽ ഫയൽ പുന:സൃഷ്ടിക്കുക പ്രായോഗികമല്ല എന്ന എതിർകക്ഷിയുടെ വാദം അംഗീകരിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ കമ്മീഷന് മറ്റു നിർദ്ദേശങ്ങൾ ഒന്നും നൽകാൻ നിർവ്വാഹമില്ല.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 മാർച്ച് 9-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി